# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6066 04/11/2016-ൽ മറുപടിയ്ക്ക്**

**ഹരിത കോറിഡോർ പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഹരിത കോറിഡോർ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) കേരളത്തിന്റെ കടൽത്തീരസംരക്ഷണത്തിനും തീരദേശമേഖലയുടെ സർവ്വോന്മുഖമായ വികസനത്തിനും പരിപാലനത്തിനുമായിട്ടുള്ള ഒരു സമഗ്രവികസന പദ്ധതി ലക്ഷ്യമിട്ട് "കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ " എന്ന പേരിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു pre-feasibility analysis report സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | ബി) അടങ്കൽ തുക സംബന്ധിച്ച വിശദാംശങ്ങൾ പറയാറായിട്ടില്ല. |
| സി) ടി പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | സി) ടി പദ്ധതി 4 വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ആഫീസർ

## അനുബന്ധം

- തീരദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി എല്ലാ മത്സ്യബന്ധന തുറമുഖങ്ങളെയും ലാൻറിംഗ്സെൻറുകളെയും മത്സ്യഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തീരപാതയുടെ നിർമ്മാണം.

- കാലവർഷക്കെടുതിയിൽ പൊലിയുന്ന ജീവനും സ്വത്തിനും അറുതി വരുത്തുന്നതിനും ഇവയ്ക്കായി വർഷംതോറും വേണ്ടി വരുന്ന ചെലവുകൾ ഒഴിവാക്കുന്നതിനും.

- തീരസംരക്ഷണത്തിനായുള്ള പരിസ്ഥിതി സൗഹാർദ്ദ സമീപനങ്ങളും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണവും

- CRZ പരിപാലനത്തിനുതകുന്ന തരത്തിൽ തീരപാതയ്ക്ക് പടിഞ്ഞാറ് വശം കേരളതീരമാകെ ഗ്രീൻബെൽറ്റ്.

- കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും നിമിത്തമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കൽ.

- മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വികസനം തീരദേശത്തേക്കെത്തിക്കുക.

## പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- തീരത്തെ വേലിയേറ്റ ലൈനിൽ നിന്നും (HWL) 35 മീറ്റർ മാറി 15 മീറ്റർ വീതിയിൽ തിരുവനന്തപുരത്തെ കൊല്ലംകോട് മുതൽ കാസർഗോഡ് മഞ്ചേശ്വരം വരെ കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളെയും ലാൻറിംഗ് സെൻററുകളെയും മത്സ്യഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള 590 കിലോമീറ്റർ നീളത്തിലുള്ള തീരപാത. തീരപാത നിലവിൽ വരുന്നതോടെ കേരളത്തിന്റെ ടൂറിസം മേഖലയിലെ സാധ്യതകൾ വർദ്ധിക്കുന്നതാണ്.

- തീരപാതയുടെ പടിഞ്ഞാറുവശം 35 മീറ്റർ വീതിയിൽ കേരള തീരമാകെ ഗ്രീൻബെൽറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളായ പാസഞ്ചർ അമിനിറ്റി സെൻറർ, സീഫുഡ് പാർക്ക്, റിക്രിയേഷണൽ ഫിഷറീസ്, വാട്ടർ സ്പോർട്ട്സ്.

- തീരസംരക്ഷണത്തിനായി നൂതന സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ആർട്ടിഫിഷ്യൽ റീഫ്, ഡിറ്റാച്ച്ഡ് ബ്രേക്ക് വാട്ടർ, ഗ്രോയിൻ തുടങ്ങിയവയുടെ നിർമ്മാണം

- കടലാക്രമണ ദുരന്തഭീഷണി നേരിടുന്ന സ്ഥലങ്ങളെ കണ്ടെത്തുന്നതിനുള്ള പഠനം

- പുനരധിവാസ കർമ്മ പരിപാടി :

തീരത്തോടു ചേർന്നുള്ള 50 മീറ്റർ വീതിയിൽ സ്വന്തമായി സ്ഥലവും പാർപ്പിടവും ഇല്ലാത്തവർ മുതൽ സാമാന്യം വലിയ വീടുകൾ വരെ കാണുന്നുണ്ട്. ഇപ്പോഴും വിവിധ മത്സ്യത്തുറകളിൽ തനതായ പാരമ്പര്യവും സംസ്കാരവും നിലനിർത്തിപ്പോരുന്നുണ്ട്. ഇക്കൂട്ടരെ മാറ്റിപ്പാർപ്പിക്കുന്നതിന് നിലവിലുള്ള സാമൂഹിക സാംസ്കാരിക പാരമ്പര്യങ്ങളെ മുറിച്ചു മാറ്റിക്കൊണ്ടുള്ള ഒരു പുനരധിവാസം അസാധ്യമാണ്. ആയതിനാൽ തീരത്തുനിന്ന് കിഴക്കോട്ട് ഒരു കിലോമീറ്ററും തീരത്തിന് സമാന്തരമായി പരമാവധി 2 കിലോമീറ്റർ വരെ ദൂര പരിധിയിൽത്തന്നെ പുനരധിവാസത്തിന് സ്ഥലം കണ്ടെത്താൻ ശ്രമിക്കും.

സെക്ഷൻ ആഫീസർ